"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാർ നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.1137/2024/AGRI തീയതി, തിരുവനന്തപുരം, 30-11-2024

---

പരാമർശം:-

1. 06/08/2010-ലെ സ.ഉ.(കൈ) നം.198/2010/AD .
2. 26/02/2016-ലെ സ.ഉ.(പി) നം.28/2016/ധന.
3. 28/04/2017-ലെ സ.ഉ.(പി) നം.56/2017/ധന.
4. 21/07/2018- ലെ സ.ഉ.(പി) നം.112/2018/ധന.
5. 09/07/2019- ലെ സ.ഉ.(പി) നം.91/2019/ധന.
6. 11/02/2021 - ലെ സ.ഉ.(പി) നം.29/2021/ധന.
7. സ.ഉ(സാധാ.)നം.775/2022/കൃഷി, തീയതി 27.08.2022
8. സ.ഉ(സാധാ.)നം.879/2023/കൃഷി, തീയതി 11.09.2023
9. സ.ഉ(സാധാ.)നം.977/2023/കൃഷി, തീയതി 09.10.2023
10. കൃഷി ഡയറക്ടറുടെ 12.09.2024 തീയതിയിലെ ADFW/ 2862/ 2022-TF2 നമ്പർ കത്ത്

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ BPKP യുടെ നടത്തിപ്പിൽ, ആദ്യ വർഷം പദ്ധതി മാനദണ്ഡ പ്രകാരം ഒരു ക്ലസ്റ്ററിൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ വീതം , 164 ക്ലസ്റ്ററുകളിലായി 164 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയോഗിക്കുകയും അപ്രകാരം നിയോഗിച്ച ജീവനക്കാരെ 179 ദിവസത്തെ കാലാവധി പൂർത്തീകരിച്ച ശേഷം ഒരു ദിവസത്തെ ഇടവേള നൽകി വീണ്ടും ജോലിയിൽ തുടരുന്നതിന് പരാമർശം(7) പ്രകാരം അനുമതി നൽകിയിരുന്നു.

2. കരാർ വേതനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് BPKP രണ്ടാം വർഷത്തെ പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേയ്ക്കായി അന്ന് നിലവിലുണ്ടായിരുന്ന ഒഴിവുകളിലേക്ക് , ഒരു വർഷം സേവനം അനുഷ്ഠിച്ചവരിൽ പദ്ധതിയിൻ കീഴിൽ തുടരുവാൻ സന്നദ്ധത അറിയിച്ച കരാർ ജീവനക്കാരെ പ്രസ്തുത തസ്തികയിൽ തുടർന്ന് നിയമിക്കുന്നതിനും , ശേഷം 164 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ തസ്തികകളിൽ ബാക്കി വന്നിരുന്ന ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനും അപ്രകാരം നിയമിക്കപ്പെടുന്ന കരാർ ജീവനക്കാർക്കും , തുടരാനുമതി

ലഭിച്ച കരാർ ജീവനക്കാർക്കും 179 ദിവസം തികയുന്നതിന്റെ അടുത്ത ദിവസം ഒരു ദിവസത്തെ ഇടവേള നല്കികൊണ്ട് ഒരു വർഷത്തേക്കു മാത്രം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും ടി കാലയളവിന് ശേഷം ടി പദ്ധതിയിലേക്ക് തുടർന്നും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം ആവശ്യമുണ്ടെങ്കിൽ സർക്കാർ അനുമതിയോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും കൃഷി ഡയറക്ടർക്ക് പരാമർശം (8) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ടായിരുന്നു.

3. എന്നാൽ , നിലവിലുള്ളവരുടെ സേവനം അത്യന്താപേക്ഷിതമാണെന്നും പുതിയ ആളെ നിയമനം നടത്തുന്നത് മൂലം പദ്ധതി നടത്തിപ്പിലും ഫണ്ട് വിനിയോഗത്തിലും പി.ജി.എസ്. ഇന്ത്യാ സർട്ടിഫിക്കറ്റ് കർഷകർക്ക് നൽകുന്നതിലും കാലതാമസം നേരിടുമെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ അറിയിച്ചിട്ടുള്ളതായും BPKP രണ്ടാം വർഷത്തെ പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേയ്ക്കായി , ഓഫീസ് നിർവഹണം ഘടകത്തിൽ ഉൾപ്പെടുത്തി, ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ തുടരാൻ താല്പര്യമുള്ള കരാർ ജീവനക്കാർക്ക് തുടർ നിയമനത്തിനും നിലവിലുള്ള ഒഴിവിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതിയും നൽകണമെന്നും കൃഷി ഡയറക്ടർ പരാമർശം(11) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയുടെ രണ്ടാം വർഷത്തെ പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി എന്ന വ്യവസ്ഥയിൽ 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ **ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയുടെ തുടർച്ചയ്ക്കായുള്ള ഫണ്ട് ലഭ്യത ഉറപ്പ് വരുത്തി ടി തസ്തിക അനിവാര്യതയുണ്ടെങ്കിൽ മാത്രം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിനും** ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ **തുടരാൻ താല്പര്യമുള്ള കരാർ ജീവനക്കാർക്ക് തുടർ നിയമനത്തിനും** ബാക്കി വരുന്ന **ഒഴിവുള്ള തസ്തികകളിൽ പ്രാദേശിക എംപ്ലോയ്മെന്റ് വഴി 179 ദിവസം വീതമുള്ള രണ്ട് അവസരങ്ങൾ ഒരു ഉദ്യോഗാർത്ഥിക്ക് നൽകി പുതിയ നിയമനം നൽകുന്നതിനും** കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. വീണ്ടും പദ്ധതി നടത്തിപ്പിനായി ടി തസ്തികയിൽ ജീവനക്കാരെ ആവശ്യമുള്ള പക്ഷം, മുൻകൂട്ടി പുതിയ നിയമന നടപടികൾ ആരംഭിക്കുന്നതിന് മൂന്നു മാസം മുമ്പെ സർക്കാരിനെ സമീപിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

To

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് I / ആഡിറ്റ് II ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( U.O(F) 2942126/ Agri-A2/164/2024-FIN തീയതി 14/11/2024).
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂസ് മീഡിയ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (പിഎ2/70/2023-കൃഷി).

ഉത്തരവിൻ പ്രകാരം

Signed by Megha. R
Date: 02-12-2024 15:36:15
സെക്ഷൻ ഓഫീസർ